ഉത്തരത്തിൽ തിരുത്ത്

മി. സ്പീക്കർ: XIII-ാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1824-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്ക് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, XIII-ാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1824-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ചോദിച്ച 50 ചോദ്യങ്ങൾക്കുള്ള മറുപടി ലഭിച്ചിട്ടില്ല. ഈ സഭാ സമ്മേളനം ആരംഭിക്കുമ്പോൾ ആയിരം ചോദ്യങ്ങൾക്ക് ഉത്തരം കിട്ടി യിട്ടില്ല.

മി. സ്പീക്കർ: അങ്ങ് നൽകിയ കത്ത് അടിയന്തര നടപടി ആവശ്യപ്പെട്ടു കൊണ്ട് ചെയർ ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിവരാവകാശ നിയമപ്രകാരം ചോദ്യത്തിനുള്ള മറുപടി ലഭിക്കാവുന്നതേയുള്ളു. എന്നാൽ ഒരു മന്ത്രിയുടെ ഓഫീസിൽ എത്ര സ്റ്റാഫുകളുണ്ടെന്ന് ചോദിച്ചാൽ ഉത്തരം ലഭിക്കില്ല.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.........